## അബ്ദുൽ മുഹൈമിൻ



സജീവ എസ്.ഐ.ഒ പ്രവർത്തകനായിരുന്നു 21/09/07-ന് അന്തരിച്ച അബ്ദുൽ മുഹൈമിൻ(17). വൈകുന്നേരം ക്ലാസ്സ് കഴിഞ്ഞ് ബൈക്കിൽ വീട്ടിലേക്ക് മടങ്ങുകയായിരുന്ന അബ്ദുൽ മുഹൈമിനും സഹപാഠി നിഷാദും എതിരേവന്ന ബസ്തട്ടി മരണപ്പെടുകയായിരുന്നു. താനൂർ ദേവധാർ ഹയർ സെക്കന്ററി സ്കൂളിൽ +2 വിദ്യാർഥികളായിരുന്നു ഇരുവരും.

കർമനിരതനായിരുന്ന മുഹൈമിൻ പ്രവർത്തകരെ ഇസ്‌ലാമിന്റെ ചട്ടക്കൂടിലേക്ക് ചേർത്തുനിർത്താൻ നിരന്തരം പ്രയത്നിച്ചു. താൻ ഉൾക്കൊണ്ട ഇസ്‌ലാമിക വിജ്ഞാനം പ്രവർത്തകർക്ക് പകർന്നുകൊടുക്കാനും പ്രത്യേകം ശ്രദ്ധിച്ചു. ഉദ്ദേശിച്ച തലത്തിലേക്ക് പ്രവർത്തകർ എത്താത്തതിൽ വളരെയധികം അസ്വസ്ഥനായിരുന്നു.

പിതാവ് തട്ടാരത്തിൽ മുഹമ്മദ് ഖാസിം (ഖത്തർ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ). മാതാവ് സുലൈഖ (ജ. ഇ പ്രാദേശിക നാസിമത്ത്).

**വി.വി.കെ ഫസലുർറഹ്മാൻ**
**താനൂർ**

## ഏന്തീൻ സാഹിബ്



**മയ്യേരി** ഏന്തീൻ സാഹിബിന്റെ വേർപാടോടുകൂടി എടരിക്കോട് കാർകൂൻ ഹൽഖക്ക് നഷ്ടമായത് ജനകീയനായ ഇസ്‌ലാമിക പ്രവർത്തകനെയാണ്. തൊള്ളായിരത്തി എഴുപതുകളിലാണ് അദ്ദേഹം പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്. നേരത്തെ മുസ്‌ലിംലീഗിന്റെ സജീവ പ്രവർത്തകനായിരുന്നു. കുടുംബത്തിലെ കടുത്ത ദാരിദ്ര്യവും ബന്ധുക്കളുടെയും നാട്ടുകാരുടെയും എതിർപ്പും പ്രസ്ഥാന മാർഗത്തിൽ അദ്ദേഹത്തെ തളർത്തിയില്ല.

എടരിക്കോട് മസ്ജിദുൽ ഫലാഹിന്റെ നടത്തിപ്പിലും വളർച്ചയിലും അദ്ദേഹം നല്ല പങ്ക് വഹിച്ചു. മൂന്നര പതിറ്റാണ്ടായി എടരിക്കോട് ഗ്രൗണ്ടിൽ നടന്നുവരുന്ന ഈദ് ഗാഹിന് തുടക്കം കുറിച്ചവരിൽ ഒരാളാണ്. സരസമായി സംസാരിക്കുന്ന അദ്ദേഹത്തിന്റെ സാന്നിധ്യം ചർച്ചകളെ സജീവമാക്കിയിരുന്നു.

**യാസിർ എടരിക്കോട്**

## പി.ഇ കുഞ്ഞുബീവി

**ജമാഅത്തെ** ഇസ്‌ലാമി വനിതാ വിഭാഗം ഏരിയാ കൺവീനറും *മാധ്യമം* ഏജന്റ് കെ.ബി ഖാദർകുഞ്ഞ് സാഹിബിന്റെ ഭാര്യയുമായ കുഞ്ഞുബീവി 2007 നവംബർ എട്ടിന് അല്ലാഹുവിലേക്ക് യാത്രയായി. അവരുടെ വിയോഗത്തോടെ കർമോത്സുകയായ ഒരു നേതാവിനെയാണ് ഞങ്ങൾക്ക് നഷ്ടമായത്. ഏറെക്കാലം എടയാർ വനിതാ കാർകുൻ ഹൽഖയുടെ നാസിമത്തായിരുന്ന അവർ ഈ മീഖാത്തിലാണ് പാനായിക്കുളം ഏരിയാ കൺവീനറായത്.

പ്രദേശത്തെ സകലർക്കും സുപരിചിതരായിരുന്നു കുഞ്ഞുബീവിത്ത. സ്കോഡ് പ്രവർത്തനങ്ങളിലും പുസ്തക പ്രചാരണത്തിലും സജീവ പങ്കാളിത്തം വഹിച്ചു. ലൈല, സ്വഫിയ്യ, ഹസനത്ത്, ശാനവാസ് എന്നിവർ മക്കളാണ്.

**ശമീനാ ഹുസൈൻ എടയാർ**

## ആമിന ടീച്ചർ

**2007** നവംബർ 9-ന് കുളത്തൂരിൽ അന്തരിച്ച ആമിന ടീച്ചർ ഇസ്‌ലാമിക അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തിയ സഹോദരിയായിരുന്നു.

വളരെക്കാലം എടയൂർ ഐ.ആർ.എസിൽ സേവനമനുഷ്ഠിച്ചു. ടീച്ചറുടെ ഖുർആൻ ക്ലാസ് ആരെയും ആകർഷിക്കുന്നതായിരുന്നു. എന്റെ പ്രസ്ഥാന പ്രവേശനത്തിനുള്ള മുഖ്യഹേതു ടീച്ചറുടെ ക്ലാസ്സുകളാണ്.

**ജമീലാ ഫൈസൽ എടയൂർ**

## കെ. മുസ്ത്വഫാ ഹാജി



**കല്ലേക്കുളങ്ങര**-ജുമുഅ മസ്ജിദ് വൈസ് പ്രസിഡന്റായിരുന്ന കെ. മുസ്ത്വഫാ ഹാജി(65) 2007 നവംബർ 4-ാം തീയതി അന്തരിച്ചു.

പ്രസ്ഥാനത്തിന്റെ എല്ലാ പരിപാടികൾക്കും അദ്ദേഹത്തിന്റെ കെട്ടിടത്തിന്റെ മുറികൾ വാടകയില്ലാതെ തന്നിരുന്നു. വാഹനങ്ങളും സൗജന്യമായി ഉപയോഗിക്കാൻ നൽകിയിരുന്നു. സമ്പന്നനായിരുന്നിട്ടും ലളിത ജീവിതമാണ് നയിച്ചിരുന്നത്.

**പി.എ ബശീർ കോളനി**

## ടി.എം അബ്ദുസ്സത്താർ



**കണ്ണൂർ** താണ ജമാഅത്തെ ഇസ്‌ലാമി കാർകുൻ ഹൽഖ മുൻനാസിം ടി.എം അബ്ദുസ്സത്താർ(63) നവംബർ 30-ന് നിര്യാതനായി. ഗൾഫ് ജീവിതം മതിയാക്കി നാട്ടിൽവന്നതിനുശേഷം താണയിൽ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ആറു വർഷത്തോളമായി മാരകരോഗത്തിന്റെ പിടിയിലായിരുന്നു.

താണ കാർകുൻ ഹൽഖയുടെ കീഴിലുള്ള കണ്ണോത്തുംചാൽ അൽമദ്റസത്തുൽ ഇസ്‌ലാമിയ അദ്ദേഹത്തിന്റെ ശ്രമഫലമായി സ്ഥാപിതമായതാണ്.

**പി.പി മുഹമ്മദ് വാരം**
**കണ്ണൂർ**